സെന്റ് തോമസ് എച്ച്.എസ്.എസ്.തിരൂർ



# നവമുകുളം

# താളുകളിലൂടെ

* സമർപ്പണം

* സന്ദേശം

* എഡിറ്റോറിയൽ

* യാത്രമംഗളങ്ങൾ

* ലിറ്റിൽ കൈറ്റ്സ് ടീം

* ചിത്രരചന

* എന്റെ കൃഷി

* കഥ

* ഇച്ചിരി സ്നേഹത്തിനായ് ....

* ഉപന്യാസം

* 2019 ലൂടെ ഒരു യാത്ര

* കവിത

* കൃതജ്ഞത

# സമർപ്പണം











**നാളിതുവരെ ഞങ്ങളെ സ്നേഹിക്കുകയും നയിക്കുകയും ചെയ്ത് ഈ വർഷം വിരമിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ടവർക്ക്......**

# ആശംസകൾ



## റവ.ഫാ.ആന്റണി ചെമ്പകശേരി

(കോർപ്പറേറ്റ് മാനേജർ, തൃശ്ശൂർ ആർച്ച് ഡയസീസ് എഡ്യൂക്കേഷൻ ഏജൻസി)

*തിരൂർ സെന്റ് തോമസ് ഹയർ സെക്കന്ററി വിദ്യാലയം അനുദിനം ഉയരങ്ങളിലേക്ക് മുന്നേറുന്ന കാഴ്ച ഏറെ സന്തോഷം പകരുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പഠിച്ച് സംഗ്രഹിച്ച കാര്യങ്ങളും ഭാവാത്മക ചിന്തകളും അവതരിപ്പിക്കുകയാണ് 'നവമുകുളത്തിലൂടെ '. വിവര സാങ്കേതിക പരിജ്ഞാനം സെന്റ് തോമസ് തിരൂരിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ നേടിയെടുക്കുന്നു എന്നതിന്റെ ഉത്തമ സാക്ഷ്യമാണ് 'നവമുകുളം'. ഈ മാഗസിൻ യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ച ഏവരെയും ഏറെ സ്നേഹത്തോടെ അഭിനന്ദിക്കുന്നു. ഈ അവസരങ്ങൾ ധാരാളമായി ഒരുക്കുവാൻ തിരൂർ സെന്റ് തോമസിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.*

---



***റവ. ഫാ. ഡേവിസ് പനംകുളം (മാനേജർ)***

*ലിറ്റിൽ കൈറ്റ്സിന് ഒരു പൊൻതൂവൽകൂടി സ്വന്തമാവുകയാണ് നവമുകുളത്തിലൂടെ. കംപ്യൂട്ടർ പരിജ്ഞാനത്തിൽ വിദ്യാർത്ഥികൾ കൈവരിച്ച പ്രാവീണ്യത്തിന്റെ മകുടോദാഹരണമാണ് നവമുകുളം . ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തങ്ങളുടെ ഭാവനക്ക് ചിറക് വിടർത്തി സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനുള്ള എളിയ പരിശ്രമമാണ് ഇവിടെ കാണുന്നത്. വിദ്യാർത്ഥികളുടെ കഠിന അധ്വാനത്തെ മുക്തകണ്ഠം പ്രശംസിക്കുകയും ഇനിയും ഇത്ര നവീനമായ സരംഭങ്ങൾക്ക് തുടക്കം കുറിക്കുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. നവമുകുളത്തി ന് നിറം പകരുവാൻ അക്ഷീണം പ്രയത്നിച്ച എല്ലാവരെയും അഭിനന്ദനം അറിയിക്കുന്നു.*



**റവ.ഫാ.വർഗീസ് തരകൻ(ഹെഡ്മാസ്റ്റർ)**

***'നവമുകുളം' ഇ-മാഗസിൻ വായിച്ചു, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെകുറിച്ച് ഏറെ അഭിമാനം തോന്നി. ബ്ലൂം 2019 ൽ നിന്നും പ്രായോഗിക ജ്ഞാനം സ്വീകരിച്ച് 'നവമുകുളം' അണിയിച്ചൊരുക്കിയപ്പോൾ ഏറെ മഹത്തരമായ ഒരു സൃഷ്ടിക്ക് ജന്മം കൊടുക്കുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചു. ഏറെ അഭിനന്ദനങ്ങൾ. കഴിഞ്ഞ മൂന്ന് വർഷമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നേടിയെടുത്ത നവീന സാങ്കേതികവിദ്യകൾ സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുവാൻ 'നവമുകുളത്തിന് ' സാധിച്ചിട്ടുണ്ട്.ഏവർക്കും അനുമോദനങ്ങളും സ്നേഹാശംസകളും നേർന്നുകൊണ്ട്.***

---



***ശ്രീ. ബാബു സി. എൽ (പി. ടി. എ. പ്രസിഡന്റ്)***

***വിവര സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിച്ചതിന് മകുടോദാഹരണമാണ് ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കുന്ന 'നവമുകുളം' ഇ-മാഗസിൻ. അറിവും ഭാവനയും കോർത്തൊരുക്കി തയ്യാറാക്കിയ ഈ സംരംഭവുമായി സഹകരിച്ച ഏവർക്കും അഭിനന്ദനങ്ങൾ. കലയും സാഹിത്യവും സാങ്കേതികവിദ്യയും ഒത്തുചേർന്നു വളർത്തുന്ന പ്രവർത്തനങ്ങൾ ഇനിയുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.***

# എഡിറ്റോറിയൽ

* ഫാ.വർഗീസ് ടി. എ.

* ശ്രീമതി.മറിയാമ്മ ഇ.എ.

* ശ്രീമതി.ലേഖ സി.ജെ.

* ശ്രീമതി.ഷൈനി കെ റോബർട്ട്

* ശ്രീമതി.ആനീസ് ടി.വി.

* ശ്രീ.ബാബു സി.എൽ.

* ശ്രീമതി.ബിന്ദു തോമസ്

* ശ്രീ.ജോൺ ആന്റണി സി

* ശ്രീ.റോൾതോ എം. വി.

* ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# യാത്രമംഗളങ്ങൾ ..........



പ്രിയ മാനേജർ റവ.ഫാ.ഡേവിസ് പനംകുളം

# ലിറ്റിൽ കൈറ്റ്സ് ടീം




2017-18 അക്കാദമിക വർഷത്തിലാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഞങ്ങളുടെ വിദ്യാലയത്തിൽ രൂപീകരിച്ചത്. 26 കുട്ടികളായി വളരെ സജീവമായി തന്നെ അത് ആരംഭിച്ചു. 3ാം വർഷത്തിലേക്ക് യൂണിറ്റ് പ്രവർത്തനങ്ങൾ സജീവമാകുമ്പോൾ ഇതിൽ 72 അംഗങ്ങൾ ഉണ്ട്. ക്ലാസുമുറികളിലെ ഹൈ-ടെക് ഉപകരണങ്ങളുടെ പരിപാലനം അധ്യാപകരുടെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് നടത്തിവരുന്നത്.

" അമ്മ ശാക്തീകരണം" പദ്ധതിയിൽ യൂണിറ്റ് അംഗങ്ങളുടെ സഹായം ശ്രദ്ധേയമായിരുന്നു. അതിപോലെതന്നെ വിദ്യാലയത്തിൽ നടന്ന തൃശ്ശൂർ ഈസ്റ്റ് ശാസ്ത്രോത്സവത്തിൽ യൂണിറ്റ് അംഗങ്ങൾ കൈറ്റ് മിസ്ട്രസ്സ്മാരായ ഷൈനി ടീച്ചറുടെയും ആനീസ് ടീച്ചറുടെയും നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി. ഐ.ടി.ലാബിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ പങ്കെടുത്തവരും സംഘാടകരും ഒരു പോലെ പ്രശംസിച്ചു.



ചിത്രരചന








ആർദ്ര വി. എ. VB

# എന്റെ കൃഷി

അങ്ങനങ്ങനെ.............. നിലമൊന്നുഴുതുമറിച്ച് വിത്തെല്ലാം വിതച്ചിട്ട് വെള്ളം നനച്ചു കൊടുത്ത് വളവുമിട്ടു. അങ്ങനങ്ങനെ ............. കുറച്ചുനാൾ കാത്തിരുന്ന് വിത്തുമുളച്ചുവന്ന് മുളയെല്ലാം പൊന്തി വന്ന് കതിരായല്ലോ! അങ്ങനങ്ങനെ..............കതിരെല്ലാം കൊയ്തെടുത്ത് അതിൽ നിന്നരിയെടുത്ത് വീട്ടിൽ പോയിട്ട് നല്ലൊരു ഊണുണ്ടാക്കാം. അങ്ങനങ്ങനെ..............സമ്പത്തുകാലത്ത് തൈപത്തുവച്ചാൽ ആപത്തുകാലത്ത് കാപത്തുതിന്നാം അങ്ങനങ്ങനെ..............



അപർണ്ണ എ.യു. V E

# നല്ലവളായ രാജകുമാരി



ഒരിടത്ത് ഒരു രാജകുമാരി താമസിച്ചിരുന്നു. അവൾക്ക് അവളുടെ അച്ഛനെയും അമ്മയെയും വളരെ ഇഷ്ടമായിരുന്നു. അവൾക്ക് പിറന്നാളിന് വിലപ്പെട്ട സമ്മാനങ്ങൾ അവർ വാങ്ങിച്ച കൊടുക്കുമായിരുന്നു. ആ സമ്മാനങ്ങൾ എല്ലാം തന്നെ ഭദ്രമായി സൂക്ഷിക്കുമായിരുന്നു. അവളുടെ ജന്മദിനം അടുക്കാറായി. അവൾക്ക് എന്തുസമ്മാനം നൽകും അവർ ആലോചിച്ചു. ജന്മദിനത്തിൽ വളരെ മനോഹരമായ ഒരു ഉടുപ്പ് അവർ അവൾക്ക് സമ്മാനിച്ചു. ആഘോഷവേളയിൽ വലിയ ഒരു കേക്കാണ് രാജകുമാരി മുറിച്ചത്. കേക്ക് എല്ലാവർക്കും കൊടുക്കുന്നതിനിടയിൽ ഒരു കരച്ചിലിന്റെ സ്വരം രാജകുമാരി കേട്ടു. ആ കുട്ടിയെ രാജകുമാരി കൊട്ടാരത്തിനകത്തേക്ക് കൊണ്ട് വന്നു. കേക്കിൽ നിന്നും വലിയ കഷണം ആ കുട്ടിക്ക് രാജകുമാരി നൽകി. കൂടാതെ പുതിയ ഉടുപ്പുകളും ആ കുട്ടിക്ക് സമ്മാനിച്ചു.

തന്റെ ജന്മദിന ആഘോഷത്തിലെ കേക്ക് മുറിച്ചതിനേക്കാൾ സന്തോഷം തോന്നിയത് ആ അനാഥ കുട്ടിയുടെ മുഖത്തെ തിളക്കം കണ്ടപ്പോഴാണ്. അന്നു മുതൽ എല്ലാവരെയും സഹായിച്ച് തന്റെ മനസിലെ സന്തോഷം നിലനിർത്താൻ അവൾ തീരുമാനിച്ചു. രാജകുമാരിയുടെ ഈ പുതിയ തീരുമാനം കൊട്ടാരത്തിൽ എല്ലാവർക്കും സന്തോഷം പകർന്നു.

Laya K.P. (V E)



# ഇച്ചിരി സ്നേഹത്തിനായ് ..........



ഇന്നത്തെ സമൂഹത്തിന്റെ ഏറ്റവും വലിയ രോദനമാണ് 'ഇത്തിരി സ്നേഹം തരുമോ! ' എന്നത്. ഏറ്റവും വലിയ പരാതിയും അതുതന്നെ. ''എന്നെയാരും സ്നേഹിക്കുന്നില്ല'' ....... ഇതിന്റെയെല്ലാം പ്രതിഫലനം ആണല്ലോ ഇന്നത്തെ പത്രവാർത്തകൾ... മദ്യത്തിലും മയക്കുമരുന്നിലും സ്നേഹം കണ്ടെത്തുന്ന നമ്മുടെ മക്കൾ... ഒളിച്ചോടുന്ന കൗമാരങ്ങൾ ..... ഭർത്താവിനെ കൊന്ന് അന്യപുരുഷന്റെ കൂടെ പോകുന്ന ഭാര്യമാർ .... കാമുകിക്ക് വേണ്ടി ഭാര്യയെ കൊല്ലുന്നവർ.... എല്ലാവരും ഒരുപോലെ ചോദിക്കുന്നു ...എന്നെയൊന്ന് സ്നേഹിക്കുമോ!

എന്താണ് നമുക്ക് പറ്റിയത്? ഉത്തരം ആണ് രസകരം. ഒന്നിനും സമയം തികയുന്നില്ല. അന്നും ഇന്നും 24 മണിക്കൂർ തന്നെയല്ലേ നമുക്കുണ്ടായിരുന്നതും ഇപ്പോഴുള്ളതും! നമ്മുടെ സമയം അപഹരിക്കുന്നതെന്തൊക്കെയാണ്? ഒരു പക്ഷേ പണത്തിനും പ്രശസ്തിക്കും വേണ്ടി നെട്ടോട്ടമാണോ നമുക്ക് സമയം തികയാതെ യാക്കുന്നത്. ഹൈ-ടെക് ജോലികളും ഹൈ-ടെക് ജീവിത രീതികളും ഇതിനൊരു പരിധിവരെ കാരണമാകുന്നില്ലേ! ജോലിസ്ഥലത്ത് ജോലി മുഴുമിപ്പിച്ച് പോരാൻ പറ്റാത്ത മാതാപിതാക്കൾ അല്ലെങ്കിൽ പങ്കാളികൾ, ട്യൂഷനും സ്കൂളുമായി കഴിയുന്ന മക്കൾ, സമൂഹ്യ മാധ്യമങ്ങളിൽ കുടുംബാംഗങ്ങൾക്കുള്ള അടിമത്തം, വിഡ്ഢി പെട്ടിയിലെ സീരിയലുകൾ ......... ഇവയെല്ലാമല്ലേ നമ്മുടെ സമയം അപഹരിക്കുന്നത്?

ഇതിന് പരിഹാരം അവരവർ തന്നെ കണ്ടെത്തേണ്ടതാണ്. ഇച്ചിരി സമയം നമുക്ക് നമ്മുടെ മക്കൾക്കായി നൽകാം നമ്മുടെ പങ്കാളികൾക്കും മാതാപിതാക്കൾക്കും നൽകാം. പരസ്പരം ശ്രവിച്ച് സ്നേഹം പങ്കുവെച്ച് കുടുംബബന്ധങ്ങൾ നമുക്ക് ഊഷ്മളമാക്കാം.

# VALUE EDUCATION AT SCHOOL LEVEL

Importance of value of education at school level is our country's supreme need today. Values are essence of human life. They must be integrated with education which aims at ensuring development of individuals. Value education intends for desired modifications in the individuals behaviour patterns which apparently involve society and environment. Schools have a vital role in building value patterns which grow from our purposes, aspirations, beliefs, attitudes, feelings, interests, convictions etc.

The Education Commission (1964-66) and the National Policy of Education (NPE 1986)stressed the importance of value – oriented education in our country. National education policy classified all the values into three main categories – Personal values, Social values and National values. Report on value Based Education (1999) recommended truth, right conduct, peace, love and non-violence as core universal values which can be identified as the foundation stone on which the value based education programme can be built up. National curriculum framework for school education (NCERT 2000) also emphasised on a comprehensive programme of value education at the school stage as a regular part of daily routine. So that children may grow into mutually tolerant citizens. Schools have a major role to play in ensuring that children are socialised into culture of self reliance, resource fullness, peace oriented value and health. The different levels of educations such as pre-primary, primary, higher secondary etc are aiming at experiential value added education. The self discipline and balanced individual consulting the society will determine the character and quality of that society. The objectives of school education aims at promotion of the qualities clustered around the personal, social, moral and spiritual values that make a person human and socially effective, giving meaning and direction to life. In order to achieve the objectives of school curriculum to inculcate values among their students, teachers are expected to make special efforts.

Gandhiji through out his life followed the ideals of truth ad non-violence. He observed "Education is the preparation for complete living, adjustment to environment, perfection of ones nature, character building and harmonious development of personality. Thus the proper inculcation of value and development of character is the responsibility of schools".

The need for value based education emerged especially under the present situation in the country and that it should receive the highest emphasis at all levels. Especially value education is the process of brining about desirable changes of behaviour. Various goals of value education are creativity, commitment of human values, social justice, national cohesion, scientific temper, independence of mind and spirit, humanism, socialism, secularism and democracy.

Teachers contribute a great deal to the imparting of values to the learners. Teacher influences learners with their total personality. He can provide the values directly, indirectly and incidentally. Direct value education refers to deliberate, systematic instruction in values. The values to be inculcated are explained, discussed and illustrated through stories and real life events. Indirect value education can be imported through regular suggest of the school curriculum and co-curricular activities. Value education is incidental when some specific event is observed and discussed i.e. act of bravery, understanding the role of importance of teachers in value education, t teacher should try to fulfil the expectation of nation about value education. We should not forget that the school is a place where we can impart values to the learners.



Fr.Varghese Tharakan (Headmaster)

# 2019 ലൂടെ ഒരു യാത്ര




AT
75

# കവിത

## കാടെരിയുമ്പോൾ

അങ്ങു ദൂരെ,യോസ്ട്രേലിയയെന്നൊരു
വൻകരയുണ്ടത്യപൂർവ്വമാകും
സസ്യജാലങ്ങളും ജന്തുവർഗങ്ങളും
കൗതുകം നിറച്ചിടും ഭൂപ്രദേശം
ഇന്നിതാ കത്തിയെരിയുന്നു കഷ്ടം
തീജ്വാല ചുറ്റിലും പൊങ്ങിടുന്നു
ലക്ഷക്കണക്കിനു വന്മരങ്ങൾ പിന്നെ
ചന്തമേറും ജന്തുജാലങ്ങളും
വെന്തെരിഞ്ഞു പിടഞ്ഞു വീണിടുന്നു
എങ്ങും കൊടും ചൂട് മാത്രമാണ്

പ്രാണനു വേണ്ടിപ്പിടയുന്നവർ, ഇറ്റു
വെള്ളത്തിനായിപ്പരക്കം പായുന്നവർ
പൊള്ളിയടർന്നൊരുടലുകളുമായി
മിണ്ടാപ്രാണികളോടിടുന്നു

അവരെ സഹായിക്കാൻ, സാന്ത്വനിപ്പിക്കാൻ
സന്മനസുള്ളവരെത്തിടുന്നു

വെള്ളം നൽകുന്നു, മരുന്നു പുരട്ടുന്നു
കമ്പിളിയിൽ പൊതിഞ്ഞേറ്റിടുന്നു

നന്മ നിറഞ്ഞവർ തന്മാറിൽ പറ്റി-
യിരിക്കുമ്പോഴും കണ്ണിൽ പ്രാണഭയം
ചോരകുടിച്ചു മതിവരാത്തൊരഗ്നി
ജ്വാലകൾ പച്ചപ്പു തിന്നിടുന്നു

മാലോകരേ, കണ്ണീർ തൂവുക മണ്ണിന്റെ
പൊള്ളുന്ന മാറിലതു വീണിടട്ടെ
പൊരിയുന്ന ഭൂമിതന്നുൾച്ചൂടു മാറ്റുവാൻ
കുളിർ മഴയായതു മാറിടട്ടെ!



ലില്ലി പി.എ.(HSA MAL)

## നന്ദി

ഈ മാഗസിൻ പ്രകാശപൂരിതമാക്കാൻ സഹായിച്ച എല്ലാ സുമനസ്സുകൾക്കും നന്ദിയുടെ വാടാമലരുകൾ അർപ്പിക്കുന്നു.

പത്രാധിപസമിതി

